A
15/01/25

108/25
16/1/25

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-ഇകെഎം (ബി.പി) 1709/ 2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/12/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
2) എ.ഡി.സി (ജനറൽ), എറണാകുളം
3) കാര്യാലയ പകർപ്പ്

നമ്പർ: കെഎസ്എ-ഇകെഎം (ബി.പി) 1709/ 2024 തീയ്യതി: 20/12/2024

## എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിനി എം.വി | ജോയിന്റ് ഡയറക്ടർ | 25-11-2024 | 28-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2024 | 28-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ടെസി എം, ഓഡിറ്റ് ഓഫീസർ

ശ്രീ. സിജു പി.ഡാംസൺ, ഓഡിറ്റ് ഓഫീസർ

ശ്രീ.പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സൗരഭ് സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ടിനു കെ.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. കിരൺ കെ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മേരി ദേവസ്സിക്കുട്ടി | പ്രസിഡന്റ് | 01-04-2023 | 30-06-2023 |
| ശ്രീ. മനോജ് മുല്ലശ്ശേരി | പ്രസിഡന്റ് | 01-07-2023 | 24-07-2023 |
| ശ്രീമതി. കൊച്ചുത്രേസ്യ തങ്കച്ചൻ | പ്രസിഡന്റ് | 25-07-2023 | 31-03-2024 |
| ശ്രീ.അഭിലാഷ്.എം.ആർ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നൗഫൽ അലി .എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 08-05-2023 |
| ശ്രീമതി .ബോബി ഈപ്പൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 09-05-2023 | 31-03-2024 |
| ശ്രീമതി. പത്മശ്രീ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ശ്രീലേഖ ബി.ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2023 | 10-10-2023 |
| ശ്രീമതി .ബിത്തി ബാലചന്ദ്രൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 11-10-2023 | 31-03-2024 |
| ശ്രീമതി. സോയ സദാനന്ദൻ | സി.ഡി.പി.ഒ | 01-04-2023 | 09-08-2023 |
| ശ്രീമതി .റസിയ പി | സി.ഡി.പി.ഒ | 10-08-2023 | 16-08-2023 |
| ശ്രീമതി .സൗമ്യ വർഗ്ഗീസ് | സി.ഡി.പി.ഒ | 17-08-2023 | 31-03-2024 |
| ഡോ.നസീമ നജീബ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2023 | 31-03-2024 |
| ശ്രീ.വാസുദേവൻ സി.എൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.സായാഹ്ന കെ.ജെ | സി.ഡി.പി.ഒ. അഡീഷണൽ | 01-04-2023 | 31-03-2024 |
| ശ്രീ. ജോബി ടി.വൈ. | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി അജിതമോൾ കെ.എ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | കേന്ദ്രധനകാര്യക്കമ്മീഷൻ ഗ്രാന്റിന്റെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുക കൃത്യമായി അക്കൗണ്ട് ചെയ്തില്ല | 1-1-5 |
| 7 | വികസനഫണ്ട് ജനറൽ ഫണ്ടിലെ ചെലവ് തുക കൃത്യമല്ല | 1-1-6 |
| 8 | ചെലവുതുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-7 |
| 9 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ഹെൽത്ത് ഗ്രാന്റിൽ നിന്ന് ചെലവഴിച്ച മുഴുവൻ തുകയും വരവ്-ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ചെലവുതുക രേഖപ്പെടുത്തിയതിലെ അപാകത | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം. | 1-5 |
| 16 | ക്ഷേമപെൻഷനുകൾ | 1-6 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | കിടങ്ങൂർ വനിതാ വ്യവസായ കേന്ദ്രം - വാടകക്ക് എടുത്തയാൾ വീണ്ടും കീഴ്‌വാടകക്ക് നൽകി | 1-10 |
| 21 | സുഭിക്ഷ കേരളം - കരാർ പ്രകാരമുള്ള വൈദ്യുതി ചാർജ്ജ് അടവാക്കുന്നില്ല | 1-11 |
| 22 | ഫിൽറ്ററിംഗ് യൂണിറ്റ് നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കുടിവെള്ളപദ്ധതിക്ക് തുക അടവാക്കി -1000000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-12 |
| 23 | ആവശ്യം പരിഗണിക്കാതെ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് വർക്കിനായി നിക്ഷേപിച്ചു | 1-13 |
| 24 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം | 1-14 |
| 25 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായാണോ ബ്ലോക്ക് വിഹിതം നൽകിയിരിക്കുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല. | 1-15 |
| 26 | പാലിയേറ്റീവ് പരിചരണം മാർഗ്ഗരേഖ പാലിക്കേണ്ടതാണ് | 1-16 |
| 27 | കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിലേക്ക് മരുന്നും, റീ- ഏജൻറസും വാങ്ങൽ -₹9463/- തടസ്സപ്പെടുത്തുന്നു | 1-17 |
| 28 | പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-18 |
| 29 | റിക്കവറി തുകകൾ നേരിട്ട് അടയ്ക്കുന്നതിന് പകരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **30.05.2024** ലെ **2(1)** -ാം നമ്പർ കമ്മിറ്റിതീരുമാനം പ്രകാരം തയ്യാറാക്കി **10.06.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ** മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ **അഭിപ്രായം**</u> അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ** 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : കാക്കനാട്**

**തീയതി : 20.12.2024**

ജോയിന്റ് ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 27,61,976/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 42,52,782/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-4 കേന്ദ്രധനകാര്യക്കമ്മീഷൻ ഗ്രാന്റിന്റെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

കേന്ദ്രധനകാര്യക്കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. AFS പ്രകാരം ആകെ ചെലവ് ₹55,38,347/- ആണെങ്കിലും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് ₹57,16,583/-ആണ്.

### 1-1-5 നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുക കൃത്യമായി അക്കൗണ്ട് ചെയ്തില്ല

രണ്ട് പ്രോജക്ടുകളിലായി ആകെ 15,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, 460500201-Deposit With Water Authority എന്ന ഹെഡിൽ 10,50,000/- മാത്രമേ രേഖപ്പെടുത്തിക്കാണുന്നുള്ളു.

### 1-1-6 വികസനഫണ്ട് ജനറൽ ഫണ്ടിലെ ചെലവു തുക കൃത്യമല്ല

വാർഷിക ധനകാര്യ പത്രിക പ്രകാരവും സുലേഖ ചെലവ് പത്രിക പ്രകാരവും വികസനഫണ്ട് ജനറൽ ഫണ്ടിലെ ചെലവു തുക ₹2,39,29,014/- ആണ്. എന്നാൽ എസ്. 57/24- പുത്തൻപാലം ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രോജക്ടിൽ ₹4,16,599/-യുടെ ചെലവ് രണ്ട് തവണ രേഖപ്പെടുത്തിയതിനാൽ വികസനഫണ്ടിലെ ചെലവ് തുകയിൽ ₹4,16,599/- അധികം വന്നിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ചെലവ് നടന്നിട്ടുമില്ല.

### 1-1-7 ചെലവുതുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

320200399-Grants, Funds & Contributions For Specific Purposes-Other Than Development Fund And State Sponsored എന്ന ശീർഷകത്തിൽ വന്ന ഗ്രാന്റിന്റെ ചെലവ് തുക ₹21,904/- അക്കൗണ്ട്സിലെ I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വരവ് വന്ന ബാധ്യത ഹെഡിൽ തന്നെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാരണത്താൽ വരവ് ചെലവ് പത്രികയിൽ പ്രസ്തുത ഗ്രാന്റിന്റെ മുഴുവൻ വരവ് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവിനത്തിൽ വന്നിട്ടുള്ള ചെലവ് തുകയ്ക്ക് തുല്യമായ തുക I-6

ഷെഡ്യൂളിൽ രേഖപ്പെടുത്തേണ്ടതാണ്.

**1-1-8 കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല**

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അക്കൗണ്ട്സ്, സുലേഖ ചെലവ് പത്രിക, ബാങ്ക് പാസ് ബുക്ക് എന്നിവയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | അക്കൗണ്ട്സ് പ്രകാരം (I6 ഷെഡ്യൂൾ) (₹) | ബാങ്ക് പാസ് ബുക്ക് പ്രകാരം (യഥാർത്ഥ ചെലവ്) (₹) | സുലേഖ ചെലവ് പത്രിക പ്രകാരം (₹) |
|---|---|---|---|
| CFC-Untied | 26,72,148/- | 26,72,148/- | **57,16,583/-** |
| CFC- Tied | 28,66,224/- | 31,65,836/- | |
| **Total** | **55,38,347/-** | **58,37,984/-** | |

CFC- Tied ഫണ്ടിൽ നിന്ന് പ്രോജക്ട് നം 22/24 ന് ചെലവഴിച്ച 2,99,612/- രൂപ അക്കൗണ്ട്സിലെ I-6 ഷെഡ്യൂളിൽ (160100110) ഉൾപ്പെടുത്തിയിട്ടില്ല. വരവ് വന്ന ബാധ്യത ഹെഡിൽ തന്നെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ മുൻവർഷത്തെ റിക്കവറി തുകകൾ ബാധ്യതാ ഹെഡിൽ ചെലവ് രേഖപ്പെടുത്താതെ തൻവർഷ ചെലവായി രേഖപ്പെടുത്തുകയും ചെയ്തു. ഇക്കാരണത്താൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ 1,78,236/- രൂപയുടെ വ്യത്യാസമുണ്ട്.

**1-1-9 ഹെൽത്ത് ഗ്രാന്റിൽ നിന്ന് ചെലവഴിച്ച മുഴുവൻ തുകയും വരവ്-ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയില്ല**

ഹെൽത്ത് ഗ്രാന്റിന്റെ ആകെ ചെലവ് അക്കൗണ്ട്സ്, ബാങ്ക് പാസ്ബുക്ക് എന്നിവയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | അക്കൗണ്ട്സ് പ്രകാരം | ബാങ്ക് പാസ് ബുക്ക് പ്രകാരം (യഥാർത്ഥ ചെലവ്) | വ്യത്യാസം |
|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 6,76,759/-(I6 ഷെഡ്യൂൾ) + 483319 ( Capital Contribution)= 11,60,078/- | 27,53,885 | **15,93,807** |

ഹെൽത്ത് ഗ്രാന്റിൽ നിന്ന് ചെലവഴിച്ച **₹15,93,807/-** അക്കൗണ്ട്സിലെ I-6 ഷെഡ്യൂളിൽ (160100629) ഉൾപ്പെടുത്തിയിട്ടില്ല. വരവ് വന്ന ബാധ്യത ഹെഡിൽ തന്നെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാരണത്താൽ വരവ് ചെലവ് പത്രികയിൽ ഹെൽത്ത് ഗ്രാന്റിന്റെ മുഴുവൻ വരവ് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല. നേരിട്ട് ചെലവ് രേഖപ്പെടുത്തിയ ചെലവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **വൗച്ചർ നം, തീയതി** | **തുക** |
|---|---|
| 22300621/04.01.2024 | 66,552 |
| 22300622/23.01.2024 | 2,71,179 |
| 22300623/23.01.2024 | 93.177 |
| 22300624/19.02.2024 | 2,30,625 |
| 22300625/19.02.2024 | 1,66,350 |
| 22300626/16.01.2024 | 4,01,568 |
| 22300627/18.01.2024 | 2,71,179 |
| 22300628/20.02.2024 | 93,177 |
| ആകെ | **₹15,93,807/-** |

റവന്യൂ ചെലവിനത്തിൽ വന്നിട്ടുള്ള ചെലവ് തുകക്ക് തുല്യമായ തുക I-6 ഷെഡ്യൂളിൽ 160100629 എന്ന ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-10 ചെലവുതുക രേഖപ്പെടുത്തിയതിലെ അപാകത

320800199-Other Grants, Funds & Contributions For Specific Purposes-Capital എന്ന ശീർഷകത്തിൽ വന്ന ഗ്രാന്റിന്റെ ചെലവ് തുക ₹2,71,179/- അക്കൗണ്ട്സിലെ I-6 ഷെഡ്യൂളിലോ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലോ ഉൾപ്പെടുത്തിയിട്ടില്ല. വരവ് വന്ന ബാധ്യത ഹെഡിൽ തന്നെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ചെലവ് ശരിയായി രേഖപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 ബജറ്റ്

16.03.2023 തിയതിയിലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24.01.2024 തിയതിയിലെ 2(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2023-2024 ലെ ബജറ്റ് പ്രകാരവും, പുതുക്കിയ ബജറ്റ് പ്രകാരവുമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെ വരവ് | 7,84,23,965 | 8,14,11,364 |
| ചെലവ് | 7,26,48,100 | 7,79,10,671 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹42,10,923 |
| വരവ് | ₹6,30,78,859 |
| ആകെ | ₹6,72,89,782 |
| ചെലവ് | ₹6,03,16,883 |
| നീക്കിയിരിപ്പ് | ₹69,72,899 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | വരവ് (അലോട്ട്മെന്റ്) (₹) | ആകെ (₹) | ചെലവ് (₹) | ലാപ്സായ തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 2,80,23,000 | 2,80,23,000 | 2,39,29,014 | 40,93,986 | |
| വികസനഫണ്ട്-എസ്.സി.പി. | 0 | 1,25,13,000 | 1,25,13,000 | 82,33,302 | 42,79,698 | |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 1,61,000 | 1,61,000 | 83,200 | 77,800 | |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 55,68,000 | 55,68,000 | 55,67,865 | 135 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic-Bank | 15,29,755 | 47,77,612 | 63,07,367 | 26,72,148 | 0 | 36,35,219 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Bank | 20,01,608 | 34,80,000 | 54,81,608 | 31,65,836 | 0 | 23,15,772 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100205-ഹെൽത്ത് ഗ്രാന്റ് | 0 | 32,48,877 | 32,48,877 | 27,53,885 | 0 | 4,94,992 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-സമ്പൂർണ്ണ സുചിത്വം-320100115 | 3,34,676 | 10,396 | 3,45,072 | 64,876 | 0 | 2,80,196 |

| | | | | | | |
|---|---|---|---|---|---|---|
| 320200399-മറ്റ് ഗ്രാന്റുകൾ | 16,193 | 22,278 | 38,471 | 21,904 | 0 | 16,567 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-മറ്റ് ഗ്രാന്റുകൾ320100199 | 901 | 12 | 913 | 136 | 0 | 777 |
| 320800199-മറ്റ് ഗ്രാന്റുകൾ-ക്യാപ്പിറ്റൽ | 0 | 2,71,179 | 2,71,179 | 2,71,179 | 0 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർത്തിയാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 131 | 8,10,10,135 | 93 | 4,74,93,067 | 73 | 20 | 38 | 55.72% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 ക്ഷേമപെൻഷനുകൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2024-ന് ജോയിന്റ് ബി.ഡി.ഒ-യുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത തീയതിയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തന്നതിനായി താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താത്തതിനാൽ ആവിഷ്കരിച്ച മിക്ക മരാമത്ത് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനായിട്ടില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ

പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

5. ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ പരിപാലനം കൃത്യമായി നടത്തേണ്ടതാണ്. നിലവിലുള്ള ആസ്തികൾ കൃത്യമായി നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയും അനധികൃത കയ്യേറ്റങ്ങളും നിർമ്മാണങ്ങളും തടയേണ്ടതുമാണ്. ആസ്തികളോ കെട്ടിടങ്ങളോ വാടകക്ക് നൽകുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം വരാത്ത രീതിയിൽ ഉചിതമായ തീരുമാനങ്ങളെടുക്കേണ്ടതാണ്.

6. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ മാത്രം ഉൾപ്പെടുത്തേണ്ടതാണ്.

7. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ വീണ്ടും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടത്തി ആവർത്തനം വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 കിടങ്ങൂർ വനിതാ വ്യവസായ കേന്ദ്രം - വാടകക്ക് എടുത്തയാൾ വീണ്ടും കീഴ്‌വാടകക്ക് നൽകി

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കിടങ്ങൂർ വനിതാ വ്യവസായ കേന്ദ്രത്തിൽ നിലവിലുള്ള കെട്ടിടത്തിൽ (VIII/350) പ്രവർത്തിച്ചിരുന്ന ശ്രീമതി.മാർട്ടീന ജോസ് നടത്തുന്ന ആർ.ആർ. ബ്രിക്സ് യൂണിറ്റ് ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണ പ്രവൃത്തികൾ നടത്തിയതായും അനധികൃതമായി ആളുകളെ താമസിപ്പിച്ചെന്നും കാണിച്ച് അഡ്വ.സേവ്യർ പാലാട്ടി, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും ഭരണ സമിതിക്കും 20.09.2021 – ൽ പരാതി നൽകിയിരുന്നു. ആയത് പരിശോധിക്കുന്നതിനായി വൈസ് പ്രസിഡന്റ്, വികസന കാര്യ സ്ഥിരം സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷ, തുറവൂർ ഡിവിഷൻ മെബർ, വനിതാ ക്ഷേമം എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം, പ്രസ്തുത സ്ഥാപനവുമായിട്ടുള്ള കരാർ ശ്രീമതി.മാർട്ടീന ജോസിന്റെ പേരിലാണെങ്കിലും യഥാർത്ഥത്തിൽ ശ്രീ.സന്തോഷ് പണിക്കർ എന്നയാളാണ് ഈ വനിതാ വ്യവസായ കേന്ദ്രം നടത്തുന്നതെന്നും മേൽ ആരോപണങ്ങൾ ശരിയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് ബ്ലോക്ക് പഞ്ചായത്തും ആർ.ആർ. ബ്രിക്സും തമ്മിലുള്ള കരാറിലെ വ്യവസ്ഥകളുടെ ലംഘനമായതിനാൽ യൂണിറ്റിന്റെ പ്രവർത്തനം അടിയന്തിരമായി നിർത്തിവെക്കുന്നതിന് സ്റ്റോപ്പ്മെമ്മോ നൽകുന്നതിനും 7 ദിവസത്തെ നോട്ടീസ് നൽകി കെട്ടിടം ഒഴിയുന്നതിനും 28.04.2022 -ൽ സി-967/11 നമ്പർ നോട്ടീസ് നൽകിയിരുന്നു. ആയതിനെതിരെ ടിയാൾ ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C)No.16037/2022/H തീയതി: 19.05.2022 റിട്ട് പെറ്റീഷൻ 22.08.2022 -ൽ ബഹു.ഹൈക്കോടതി തള്ളി.

ടിയാളുമായി 2021 ആഗസ്റ്റ് 31 ന് ചമച്ച വാടക കരാർ 31.05.2022-ൽ അവസാനിച്ചിരുന്നു. 2023-24 വർഷത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ 95,901/- രൂപ വാടക ഇനത്തിൽ കുടിശ്ശികയുണ്ട്. ആയത് പലിശ സഹിതം ഈടാക്കുന്നതിന് 01.09.2022, 13.09.2022 തീയതികളിൽ സി-967/11 നമ്പർ കത്തും 28.02.2023-ൽ BPAGLY/171/2023-C നമ്പർ കത്തും ശ്രീമതി.മാർട്ടീന ജോസിന് നൽകിയിട്ടുണ്ട്. പ്രസ്തുത കുടിശ്ശിക തുക ടിയാൾ അടവാക്കാത്തതിനാൽ 04.01.2024 – ലെ 6(2) നമ്പർ ഭരണസമിതി തീരുമാന പ്രകാരം 18.01.2024 ലും 18.06.2024 ലും സി-967/11 നമ്പറായി റവന്യൂ റിക്കവറി നടത്തുന്നതടക്കമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് നോട്ടീസുകൾ നൽകിയിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഈ യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിച്ചോ എന്നതും വീണ്ടും വാടകക്ക് നൽകിയോ എന്നതും സംബന്ധിച്ചും കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കിയില്ല. കൂടാതെ ആർ.ആർ

ബ്ലിക്സ് നടത്തിയ അനധികൃത കെട്ടിട നിർമ്മണങ്ങൾ എന്ത് ചെയ്തു എന്ന വിവരവും വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/28.11.2024) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം വാടകക്കാർ അനധികൃത പ്രവൃത്തികൾ നടത്താൻ ഇടയായതും കോടതി വ്യവഹാരങ്ങളിലേക്ക് നയിച്ച് തുക നഷ്ടപ്പെടുന്ന സാഹചര്യവും ഉണ്ടായത് അധികൃതർ യഥാവിധി പരിശോധനകൾ നടത്താതിരുന്നതുകൊണ്ടാണ്. ശ്രീമതി.മാർട്ടീന ജോസിൽ നിന്നും ഈടാക്കാനുള്ള തുക പലിശ സഹിതം ഈടാക്കേണ്ടതും ഈ വനിതാ വ്യവസായ കേന്ദ്രം അർഹരായവർക്ക് നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം വാടകക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാടകക്കെടുക്കുന്ന കക്ഷികൾ കീഴ് വാടകക്ക് നൽകുന്നില്ല എന്നത് അധികാരികൾ ഉറപ്പ് വരുത്തേണ്ടതുമാണ്. വാടകക്ക് നൽകുന്ന സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മറ്റ് ആസ്തികളിലും അധികൃതരുടെ നിരന്തര നിരീക്ഷണം ഉണ്ടായിരിക്കേണ്ടതാണ്.

**1-11 സുഭിക്ഷ കേരളം - കരാർ പ്രകാരമുള്ള വൈദ്യുതി ചാർജ്ജ് അടവാക്കുന്നില്ല**

കേരള സർക്കാരിന്റെ വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതിക്ക് വേണ്ടി അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കാന്റീൻ (V/549) വാടകരഹിതമായി സിവിൽ സപ്ലൈസ് വകുപ്പിന് അനുവദിച്ചു നൽകണമെന്ന ആലുവ താലൂക്ക് സിവിൽ സപ്ലൈ ഓഫീസറുടെ എ5-1611/2021 തീയതി :09.03.2022 കത്ത് പ്രകാരം ആയത് സിവിൽ സപ്ലൈസ് വകുപ്പിന് അനുവദിച്ചു നൽകുന്നതിനും നിലവിൽ കാന്റീൻ നടത്തിയിരുന്ന ഫ്രണ്ട്സ് സ്വയം സഹായ സംഘവുമായുള്ള കരാർ ടി പദ്ധതി നിലവിൽ വരുന്ന മുറയ്ക്ക് റദ്ദ് ചെയ്യുന്നതിനും സിവിൽ സപ്ലൈസ് വകുപ്പുമായി കരാർ വെക്കുന്നതിനും 11.03.2022 -ൽ 1(1) നമ്പറായി കമ്മിറ്റി തീരുമാനിച്ചിരുന്നു. ആയത് പ്രകാരം നിലവിലെ കാന്റീൻ പ്രവർത്തനം 2022 ഏപ്രിൽ 20 ന് മുൻപായി അവസാനിപ്പിക്കണമെന്നറിയിച്ച് 22.03.2022 ൽ സി-870/2022 ഫ്രണ്ട്സ് സ്വയം സഹായ സംഘം പ്രസിഡന്റിന് കത്ത് നൽകി. കൂടാതെ ഹോട്ടലിൽ ഉപയോഗിക്കേണ്ട സാധനങ്ങൾ സൂക്ഷിക്കുന്നതിന് കാന്റീനിനോട് ചേർന്ന് താഴെയുള്ള മുറി അനുവദിക്കുന്നതിന് സിവിൽ സപ്ലൈ ഓഫീസിൽ അപേക്ഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുറിയുടെ കറന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള ചെലവുകൾ വഹിക്കണമെന്ന നിബന്ധനയോടെ മുറി അടിയന്തിരമായി അനുവദിക്കുന്നതിനും പ്രത്യേക കറന്റ് കണക്ഷൻ എടുക്കണമെന്നും വാട്ടർ ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവ വഹിക്കണമെന്നുമുള്ള വ്യവസ്ഥയോടെ സിവിൽ സപ്ലൈ വകുപ്പുമായി 11 മാസത്തെ കരാർ വെക്കുന്നതിനും 12.06.2023, 14.07.2023 തീയതികളിലെ യഥാക്രമം 4(1), 2(1) നമ്പറുകളായി കമ്മിറ്റി തീരുമാനമെടുത്തു. ഇതനുസരിച്ച് സിവിൽ സപ്ലൈസ് വകുപ്പിന് മുറി അനുവദിച്ചു നൽകിയെങ്കിലും സിവിൽ സപ്ലൈസ് വകുപ്പും ബ്ലോക്ക് പഞ്ചായത്തും തമ്മിൽ കരാർ ചമച്ചതായി കാണുന്നില്ല. എന്നാൽ കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവ വഹിക്കണമെന്നുമുള്ള വ്യവസ്ഥയോടെ ഫ്രണ്ട്സ് സ്വയം സഹായ സംഘവുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള ബ്ലോക്ക് കമ്മിറ്റിയുടെ 26.09.2023 ലെ 4(1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 30.06.2023 മുതൽ ഒരു വർഷത്തേക്ക് 2023 ഒക്ടോബർ 3 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പും ബ്ലോക്ക് പഞ്ചായത്തും കരാറിൽ ഏർപ്പെടേണ്ട അതേ കാലയളവിൽ തന്നെയാണ് ഫ്രണ്ട്സ് സ്വയം സഹായ സംഘവുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്.

മേൽ കരാറിലെ രണ്ടാം നമ്പർ നിബന്ധനയായി കരാറുകാർ ഇലക്ട്രിസിറ്റി ഉപയോഗത്തിന് കാന്റീനിൽ പ്രത്യേക മീറ്റർ ഘടിപ്പിക്കുന്നത് വരെ പ്രതിമാസം 500/- രൂപയും മീറ്റർ ഘടിപ്പിച്ചതിനു ശേഷം മീറ്റർ പ്രകാരമുള്ള തുകയും നൽകേണ്ടതാണെന്ന് ചേർത്തിട്ടുണ്ട്. എന്നാൽ അക്കൗണ്ട്സ് പരിശോധിച്ചതിൽ മേൽ പ്രകാരമുള്ള തുക പ്രതിമാസം പഞ്ചായത്തിൽ അടവാക്കിയതായോ നിലവിൽ കാന്റീനിൽ പ്രത്യേക മീറ്റർ ഘടിപ്പിട്ടുള്ളതായോ കാണുന്നില്ല. മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ തുക അടവാക്കുന്നത് ബ്ലോക്ക് പഞ്ചായത്താണ്. ഈ തുക കാന്റീൻ /സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഈടാക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയില്ല. വെള്ളം ഉപയോഗിക്കുന്നതിനുള്ള ചാർജ് ഈടാക്കിയതിന്റെ രേഖകളും ഇല്ല. ഈയിനങ്ങളിൽ തുക ഈടാക്കിയതായുള്ള രസീത് വിശദാംശങ്ങളും ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1)12.06.2023, 14.07.2023 തീയതികളിലെ കമ്മിറ്റി തീരുമാനങ്ങൾ പ്രകാരം സിവിൽ സപ്ലൈസ് വകുപ്പുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിൽ ഏർപ്പെടേണ്ടതാണ്.

2)ഹോട്ടലിൽ വെള്ളം, വൈദ്യുതി എന്നിവയുടെ ഉപയോഗം കൂടുതലാണെന്നതിനാൽ പ്രത്യേക മീറ്റർ ഘടിപ്പിക്കുന്നതിനും കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ടി സംഘത്തെക്കൊണ്ട്/സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും അടവാക്കിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കറന്റ് ചാർജ്ജിനത്തിലെ നാളിതുവരെയുള്ള കുടിശ്ശിക തുക ഈടാക്കേണ്ടതും ആയതിന്റെ രസീതിന്റെ പകർപ്പ് ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/28.11.2024) മറുപടി ലഭ്യമാക്കിയില്ല.

**1-12 ഫിൽറ്ററിംഗ് യൂണിറ്റ് നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കുടിവെള്ളപദ്ധതിക്ക് തുക അടവാക്കി -1000000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.**

S0177/24 നമ്പർ ആയി മലയാറ്റൂർ ഗ്രാമ പഞ്ചായത്തിലെ ചീത്തപ്പാറ കുടിവെള്ള പദ്ധതി - ഫിൽറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റിക്ക് 10,00,000/- രൂപ തൻവർഷം കൈമാറിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെകൊടുക്കുന്നു.

ചീത്തപ്പാറ കുടിവെള്ളപദ്ധതിക്ക് ഫിൽറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് മലയാറ്റൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും 5.8.23-ലെ 17-ാം നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്തിലേക്ക് എൻ.ഒ.സി. നൽകാൻ തീരുമാനിച്ചിട്ടുള്ളതിന്റെ പകർപ്പ് ഫയലിൽ ഉണ്ട്. എന്നാൽ എൻ.ഒ.സി.യുടെ പകർപ്പ് ഫയലിൽ ഇല്ല. ഇത് മലയാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്തി അല്ല എന്നുള്ളത് പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുമില്ല. കൂടാതെ 16.11.23 – ലെ 826/2023 B നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മലയാറ്റൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും റിസ്റ്റോറേഷൻ സർട്ടിഫിക്കറ്റും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം മലയാറ്റൂർ ഗ്രാമ പഞ്ചായത്തിലെ ചീത്തപ്പാറ കുടിവെള്ള പദ്ധതിയിൽ ഒരു ഫിൽറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിരാക്ഷേപ പത്രവും സ്ഥാപിക്കേണ്ട ഫിൽറ്ററിംഗ് യൂണിറ്റിന്റെ സ്പെസിഫിക്കേഷനും നൽകണമെന്നാവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 105.10.23 -ൽ P-826/23 - B നമ്പർ ആയി കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് വാട്ടർ അതോറിറ്റി 9.11.23 – ൽ എ/26 Vol.II നമ്പർ ആയി സ്പെസിഫിക്കേഷൻ നൽകിയിട്ടുണ്ട്. നൽകിയിട്ടുള്ള സ്പെസിഫിക്കേഷനിൽ വർക്ക് സൈറ്റിൽ നിലവിലുള്ള വാട്ടർ ഫിൽറ്റർ അഴിച്ചുമാറ്റി പുതിയ വാട്ടർ ഫിൽറ്ററിനുള്ള തറ കെട്ടി ബേസ്മെന്റ് ഒരുക്കേണ്ടതുള്ളതിനാൽ പ്രസ്തുത പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറി വീണ്ടും 25.11.23 – ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി. ഇതിന് മറുപടിയായി ഈ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും പരിപാലനവും വാട്ടർ അതോറിറ്റിയാണ് നിർവ്വഹിക്കുന്നത് എന്നും ആയതിനാൽ ഈ പ്രവൃത്തിക്ക് നിരാക്ഷേപ പത്രം നൽകാൻ കഴിയില്ലെന്നും ഈ പ്രവൃത്തി ചെയ്യേണ്ട പക്ഷം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രമേയം സഹിതം വാട്ടർ അതോറിറ്റി മുഖാന്തിരം ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യാവുന്നതാണെന്നും വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ DBGL/AGM /1944/2018 നമ്പർ കത്ത് ആയി 15.12.23 - ൽ മറുപടി നൽകിയിട്ടുണ്ട്. തന്നെയുമല്ല മലയാറ്റൂരിലെ പുതിയ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായാൽ ചീത്തപ്പാറ കുടിവെള്ള പദ്ധതിയുടെ ആവശ്യം ഉണ്ടാകില്ല എന്ന കാര്യം കൂടി പ്രസ്തുത കത്തിൽ വാട്ടർ അതോറിറ്റി വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും ഈ പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി വാട്ടർ അതോറിറ്റി മുഖാന്തിരം നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 4.1.2024 – ലെ 2(2) നമ്പർ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ഇതിനായി ധനകാര്യ കമ്മീഷൻ അവാർഡ് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22300604/27.3.24 പ്രകാരം 900000/- രൂപയും 22300610/303.24 പ്രകാരം 100000/- രൂപയും അടക്കം ആകെ 1000000/- രൂപ വാട്ടർ അതോറിറ്റിക്ക് തൻവർഷം നൽകുകയും

ചെയ്തിട്ടുണ്ട്. അധികമായി നൽകേണ്ട 86000/- രൂപ അടുത്ത സാമ്പത്തിക വർഷം അടവാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള ഈ കുടിവെള്ളപദ്ധതി നിലവിൽ നടത്തിക്കൊണ്ടിരിക്കുന്നത് വാട്ടർ അതോറിറ്റി തന്നെയാണ്. ഇതിൽ നിലവിൽ ഫിൽറ്ററിംഗ് യൂണിറ്റ് ഉള്ളതുമാണ്. വാട്ടർ അതോറിറ്റി നടത്തുകയും വാടക ഈടാക്കുകയും ചെയ്യുന്നതും അവരുടെ ഉടമസ്ഥതയിലുമുള്ള ഈ പദ്ധതിയിൽ ഫിൽറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കേണ്ടത് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. പുതിയ കുടിവെള്ള പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലുള്ള ചീത്തപ്പാറ പദ്ധതിയുടെ ആവശ്യകത ഇല്ല എന്ന് വാട്ടർ അതോറിറ്റി വ്യക്തമാക്കിയിട്ടും വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള നിലവിലുള്ള ഫിൽറ്ററിംഗ് യൂണിറ്റ് പൊളിച്ചുകളഞ്ഞ് പുതിയത് സ്ഥാപിക്കാൻ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ ഏകപക്ഷീയമായി തീരുമാനിക്കുകയാണുണ്ടായത്. കേരള പഞ്ചായത്ത് രാജ് ആക്ട് പട്ടിക 4 പ്രകാരം ഈ ചെലവ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നതല്ല. ഇപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലോ ആസ്തിയിലോ പെടാത്ത ഒരു അനാവശ്യ പ്രോജക്ട് ഏറ്റെടുത്ത് തുക അടവാക്കി. ഇപ്രകാരം അനാവശ്യമായി അടവാക്കിയ ഈ തുക വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്. അതു വരെ ഈയിനത്തിൽ തൻവർഷം ചെലവാക്കിയ 10,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-13 ആവശ്യം പരിഗണിക്കാതെ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് വർക്കിനായി നിക്ഷേപിച്ചു**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കാലടി ഗ്രാമപഞ്ചായത്തിലെ വാർഡ് 9-ലെ വിവിധ റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പ്രോജക്ട് നമ്പർ 44/24 പ്രകാരം 5,00,000/- രൂപ ( ACR Bill No. 311/25.3.24, 450000/-, 360/30.3.24, 50000/-) വാട്ടർ അതോറിറ്റി ആലുവ പി എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. 26.06.23 –ലെ ബി പി എജിഎൽവൈ/3678/22-ബി നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 500000/- രൂപയുടെ അടങ്കൽ തയ്യാറാക്കി 17.11.23 -ലെ എ3-22232/2023 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി തുക ആവശ്യപ്പെട്ടിരിക്കുന്നത് പ്രകാരമാണ് തുക അടവാക്കിയിരിക്കുന്നത്. ഇപ്രകാരം പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് കാലടി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുമില്ല. തന്നെയുമല്ല കേരള പഞ്ചായത്ത് രാജ് ആക്ട് 4(3) പട്ടിക പ്രകാരം ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത് ഫോർവേഡ് ബാക്ക്‌വേഡ് ലിങ്കേജ് ആണ് ബ്ലോക്ക് പഞ്ചായത്ത് നൽകേണ്ടത്. അപ്രകാരം പഞ്ചായത്തിൽ നിന്നും ആവശ്യകത തേടിയിട്ടില്ല.

രാജ്യത്തെ എല്ലാ വീടുകളിലും കുടിവെള്ളം നൽകുന്നതിനായുള്ള കേന്ദ്രസർക്കാരിന്റെ ജലജീവൻ മിഷൻ പദ്ധതി നിലവിൽ വാട്ടർ അതോറിറ്റി മുഖേന കേരളത്തിലും നടത്തിക്കൊണ്ടിരിക്കുന്നതാണ്. കാലടി ഗ്രാമ പഞ്ചായത്തിലും ഇത് പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മുൻകാലങ്ങളിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകൾ വഴി നിലവിൽ വെള്ളം വിതരണം നടത്തുകയും സ്ട്രീറ്റ് ടാപ്പിന്റെ തുക പഞ്ചായത്തിൽനിന്നും വാട്ടർ അതോറിറ്റി ഈടാക്കിക്കൊണ്ടിരിക്കുന്നതുമാണ്. ജലജീവൻ മിഷൻ പദ്ധതി വഴിയും വാട്ടർ അതോറിറ്റി മുഖേനയും പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൽനിന്നും പ്രോജക്ട് തയ്യാറാക്കി ഇപ്രകാരം വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ഇത് ഉപയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. ഇതിന്റെ ആവശ്യകതയോ ഏതൊക്കെ സ്ഥലങ്ങളിലാണ് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതെന്നോ നിലവിൽ പൈപ്പ് ലൈൻ എവിടെയെങ്കിലും സ്ഥാപിക്കാൻ ബാക്കിയുള്ളതുകൊണ്ടാണോ പ്രോജക്ട് തയ്യാറാക്കിയതെന്നോ ഉള്ള വിവരങ്ങളും ഫയലിൽ ഇല്ല. ഇപ്രകാരം അനിശ്ചിതമായ ഒരു പ്രോജക്ടിനായാണ് തുക നൽകിയിരിക്കുന്നതെന്നതിനാൽ 5,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. അത്യാവശ്യമല്ലാത്ത ഒരു അധിക ചെലവ് ആയതിനാൽ ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-14 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം

ജനകീയാസൂത്രണ പദ്ധതിയുടെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വൃദ്ധരുടെ ക്ഷേമത്തിനായി 2000-01 കാലയളവിൽ പണി പൂർത്തീകരിച്ച വൃദ്ധസദനവും അതിലേക്കായി വാങ്ങിയ ഫർണീച്ചറുകൾ ഉൾപ്പെടെയുള്ള ആസ്തികളും നാളിതുവരെ ഉപയോഗിക്കാത്ത നിഷ്ക്രിയ ആസ്തിയായി തുടരുന്നതിനാൽ, ഭിന്നശേഷിക്കാർക്കുള്ള ചികിത്സയും സേവനങ്ങളും ടി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഉപയോഗിച്ച് ഈ കെട്ടിടത്തിൽ പ്രാവർത്തികമാക്കുന്നതിനായി, സാമൂഹിക നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്വയംഭരണസ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ (NIPMR) എന്ന സ്ഥാപനത്തിന്റെ ഒരു സാറ്റലൈറ്റ് സെന്റർ നിലവിലുള്ള ആസ്തികൾക്ക് മേൽ കൂടുതൽ പണം ചെലവഴിക്കുന്നത് ഒഴിവാക്കണമെന്ന നിബന്ധനയോടെ 6.5.20 -ലെ സ.ഉ. (സാധാ.) 830/2020 തസ്വഭവ. ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതാണ്.

29.9.2023 – ൽ സി-3308/2021 നമ്പർ ആയി കരട് ബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച ബൈലോ പരിശോധക്ക് ലഭ്യമാക്കിയില്ല.

കരട് ബൈലോ ഖണ്ഡിക 18 പ്രകാരം ബ്ലോക്ക് പരിധിക്കകത്തുള്ള ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യമായും എപിഎൽ കുടുംബങ്ങൾക്ക് 100/- രൂപ നിരക്കിലും ബ്ലോക്ക് പരിധിക്ക് പുറത്തുള്ള ബിപിഎൽ കുടുംബങ്ങൾക്ക് 100/- രൂപ നിരക്കിലും എപിഎൽ കുടുംബങ്ങൾക്ക് 150/- രൂപ നിരക്കിലും ആണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്.

ഫീസ് അടവാക്കുന്നതിനായി 19.1.23 ൽ HDFC ബാങ്കിന്റെ അങ്കമാലി ശാഖയിൽ 50200076523388 നമ്പർ ആയി ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. 19.1.23 -ൽ 11100/- രൂപ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. 100/-, 150/- രൂപ നിരക്കുകളിലാണ് ഫീസ് ഈടാക്കുന്നതെങ്കിലും വളരെ കുറഞ്ഞ ദിവസങ്ങളിൽ മാത്രമാണ് നൂറിന്റെയോ അൻപതിന്റെയോ ഗുണിതങ്ങളായിട്ടുള്ള തുകകൾ ബാങ്കിൽ അടവാക്കിയിരിക്കുന്നത്. ബാക്കി ദിവസങ്ങളിലെല്ലാം ചില്ലറ അവസാനം വരുന്ന തുകകളായിട്ടാണ് ബാങ്കിൽ പണം അടച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ ഫീസ് നിരക്കിൽ വരുന്ന തുകകൾ വരവ് വന്നാൽ ഇപ്രകാരം ചില്ലറ തുകകൾ അടവാക്കേണ്ടതില്ല. ഫീസ് ഈടാക്കുന്ന രസീത് ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് സൗജന്യമായും അല്ലാത്തവർക്ക് ഉയർന്ന ഫീസും ഏർപ്പെടുത്തി സാറ്റലൈറ്റ് സെന്ററിന് ആവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കാൻ കഴിയുമെന്നും ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിക്കുകയും ആവശ്യാനുസരണം പ്രവർത്തി ദിനങ്ങളുടെ എണ്ണം കൂട്ടുകയും ചെയ്യാമെന്ന് NIPMR എക്സിക്യൂട്ടീവ് ഡയറക്ടർ 24.8.2019 ലെ NIPMR/SID/64/25019 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അധികാരികളെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ എല്ലാ ആഴ്ചയിലും തുകകൾ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഉദാ:- 4.8.2023, 13.10.2023, 2.2.2023 മുതലായ തീയതികൾക്ക് ശേഷം തുക അടവാക്കിയത് ദിവസങ്ങൾക്ക് ശേഷം യഥാക്രമം 25.8.2023, 25.10.2023, 21.2.2023 എന്നീ തീയതികളിലാണ്. സ്ഥാപനത്തിന്റെ കണ്ടിൻജന്റ് ചെലവുകളും തെറാപിസ്റ്റുകളുടെ വേതനവും ബ്ലോക്ക് പഞ്ചായത്ത് നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് ടീച്ചറുടെ വേതനവും ഫുൾ ടൈം സ്വീപ്പറുടെ വേതനവും നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽനിന്നുമാണ് നടത്തി വരുന്നത്.

5.11.2024 -ൽ 2,26,695/- രൂപ അക്കൗണ്ടിൽ നീക്കിബാക്കിയുണ്ട്. ഈ അക്കൗണ്ടിൽ ഇതുവരെയും പലിശ ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഈ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/27.11.2024) മറുപടിയായി ചികിത്സക്കെത്തുന്ന മാതാപിതാക്കൾക്കും കുട്ടികൾക്കും ചായയും സ്നാക്സും നൽകിയശേഷം ബാക്കി വന്ന തുകയാണ് അസിസ്റ്റന്റ് ടീച്ചർ സി.ഡി.പി.ഒ.യെ ഏൽപ്പിച്ചിരുന്നത് എന്നും നിലവിൽ കളക്ഷൻ തുകയിൽ ഇപ്രകാരം പൈസ എടുക്കുന്നില്ല എന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഫീസ് കളക്ഷനായി ബ്ലോക്ക് പഞ്ചായത്ത് അധികാരി നൽകുന്ന രസീത് ബുക്ക് ഉപയോഗിക്കേണ്ടതാണ്. ഇതു വരെയുള്ള വരുമാനം കൃത്യമായി കണക്കാക്കി കണക്കുകൾ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന സമയത്ത് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

**1-15 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായാണോ ബ്ലോക്ക് വിഹിതം നൽകിയിരിക്കുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല.**

ലൈഫ് പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്.

| പഞ്ചായത്ത് | S0008/24 ലൈഫ് ജനറൽ | S0007/24 ലൈഫ് എസ് സിപി |
|---|---|---|
| കറുകുറ്റി | 300000 | 1575000 |
| മഞ്ഞപ്ര | 1664500 | 951000 |
| തുറവൂർ | 60000 | 820000 |
| മലയാറ്റൂർ | 480000 | 160000 |
| മൂക്കന്നൂർ | 2560000 | 100000 |
| അയ്യമ്പുഴ | - | 500000 |
| കാലടി | - | 210000 |
| കാഞ്ഞൂർ | - | - |
| ആകെ | 5604500 | 4316000 |

ലൈഫ് ഭവന പദ്ധതി പ്രകാരം 50:30:20 എന്ന അനുപാതത്തിൽ ഹഡ്കോ വായ്പ 220000/- രൂപയും സംസ്ഥാന വിഹിതം 100000/- രൂപയും 80000/- രൂപ ബ്ലോക്ക് വിഹിതവും അടക്കം ആകെ 400000/- രൂപയാണ് ഒരു ഗുണഭോക്താവിന് അനുവദിക്കേണ്ടത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുക വിതരണം ചെയ്തിരിക്കുന്നതിൽ അപാകതയുണ്ട്. കാഞ്ഞൂർ പഞ്ചായത്തിന് തൻവർഷം യാതൊരു വിധ തുകയും നൽകിയിട്ടില്ല. മൂക്കന്നൂർ, തുറവൂർ പഞ്ചായത്തുകൾക്ക് വളരെ ഉയർന്ന തുകകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. വിഇഒ – യുടെ റിക്വിസിഷൻ പ്രകാരമാണ് തുകകൾ നൽകിയിരിക്കുന്നതെങ്കിലും നൽകിയ തുകകൾ ആനുപാതികമല്ല. റിക്വിസിഷനുകൾ പൂർണ്ണമല്ല. റിക്വിസിഷനിൽ ഗുണഭോക്താക്കളുടെ എണ്ണം ചേർത്തിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായാണോ ഗ്രാമ പഞ്ചായത്തുകൾക്ക് തുക അനുവദിച്ചിരിക്കുന്നത് എന്ന കാര്യവും വ്യക്തമല്ല. തുക അനുവദിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം പരിശോധനക്ക് ലഭ്യമായില്ല. ഇതുസംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അതുകൊണ്ടുതന്നെ ഓരോ പഞ്ചായത്തിലെയും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായാണോ ബ്ലോക്ക് വിഹിതം നൽകിയിരിക്കുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല.

ഇതു സംബന്ധിച്ച് 28.11.2024 ൽ 12-ാം നമ്പറായി നൽകിയ എൻക്വയറിക്ക് മറുപടി നൽകിയില്ല. ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് ഷെയർ കുറയുന്ന സാഹചര്യം ഉണ്ടായാൽ അത് ഗ്രാമപഞ്ചായത്ത് അധിക വായ്പ എടുക്കേണ്ട സാഹചര്യത്തിലെത്തിക്കും എന്നതിനാൽ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ചുള്ള വിഹിതം മാത്രം ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യേണ്ടതാണ്. ആനുപാതികമല്ലാത്ത തുക ഏതെങ്കിലും പഞ്ചായത്തിന് നൽകാൻ ഇടവന്നിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ ആയത് ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

**1-16 പാലിയേറ്റീവ് പരിചരണം മാർഗ്ഗരേഖ പാലിക്കേണ്ടതാണ്**

പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ട് പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ സ.ഉ.(സാധാ)നം.553/2019/ത.സ്വ.ഭ.വ, തീയതി.07.03.2019 നമ്പർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള വിവരങ്ങൾ/രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

2. ആഴ്ചയിൽ ഒരു പ്രാവശ്യം ഹോംകെയർ റിപ്പോർട്ട് ബുക്ക് കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമായ സേവനങ്ങൾ

എന്തെക്കൊയെന്ന് വിശദീകരിച്ച് കൊടുക്കേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങണമെന്ന് മാർഗരേഖ ഖണ്ഡിക- 2.6.4 പറയുന്നുണ്ട്. എന്നാൽ അത്തരത്തിൽ ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല.

3. മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ് (മാർഗരേഖ ഖണ്ഡിക - 2.9.2). എന്നാൽ പിഎംസി മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം 3 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മാത്രമല്ല വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുകയോ തൊട്ടടുത്ത മാസങ്ങളിലെ പ്രവർത്തന രൂപരേഖ തയ്യാറാക്കി അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

4. പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികളുടെ വിശദാംശങ്ങൾ തദ്ദേശസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ ദീർഘകാലത്തേക്ക് മരുന്നുകൾ കഴിക്കേണ്ടിവരുകയോ ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുകയോ ഏതെങ്കിലും തരത്തിൽ ദീർഘകാലത്തെ പരിചരണം വേണ്ടി വരുകയോ ചെയ്യുന്ന എല്ലാ രോഗികളെയും ആശമാരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ കണ്ടെത്തി വാർഡടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (മാർഗരേഖ ഖണ്ഡിക – 2.2.1).

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ടുള്ള മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (14/28.11.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-17 കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിലേക്ക് മരുന്നും, റി- ഏജൻസും വാങ്ങൽ -₹9463/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്ട് പേര് & നം | കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്നും, റീ-ഏജന്റ്സും വാങ്ങൽ, 78/2024 |
| അടങ്കൽ തുക | 4472000/- ( മെയിന്റനൻസ് ഫണ്ട്- 4472000/-) |
| ആകെ ചെലവ് തുക | 3480604/-( മെയിന്റനൻസ് ഫണ്ട്- 3480604/-) |
| അപാകത ബിൽ നം & തുക | 11/2023-24, 506791/- രൂപ |
| വൗച്ചർ നമ്പർ | 1 മുതൽ 24 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |

ഈ പ്രോജക്ട് പ്രകാരം കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്നും റീ ഏജന്റ് വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയത് പ്രകാരം 10 ഇനം മരുന്നുകൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതുമാണ്. മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചതിൽ നീതി മെഡിക്കൽസ് എന്ന സ്ഥാപനത്തിൻെറ ക്വട്ടേഷൻ ആണ് സ്വീകരിച്ചിട്ടുള്ളത്. ഫയലിലെ ക്വട്ടേഷൻ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ, പ്രസ്തുത 10 ഇനം മരുന്നുകളിൽ ഒരു മരുന്നായ Ciprofloxacin Tab 500 മില്ലി ഗ്രാം എന്ന മരുന്നിന് നീതി മെഡിക്കൽസ് ക്വോട്ട് ചെയ്ത തുക 5.42 രൂപ എന്ന ഉയർന്ന തുകയാണ്. ഇവരിൽനിന്നും 5470 എണ്ണം വാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ മരുന്നിന് കുറഞ്ഞ തുകയായ 3.69 രൂപ രേഖപ്പെടുത്തിയ അജന്ത ഡ്രഗ് ഹൗസിൽ നിന്നും വാങ്ങാതെ നിരക്ക് കൂടുതൽ രേഖപ്പെടുത്തിയ നീതി മെഡിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയത് മൂലം അധികമായി 9463.10/- രൂപ നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ താൽപ്പര്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പന് (11/28.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുക 9,463/-

(Rounded) തടസ്സപ്പെടുത്തുന്നു.

### 1-18 പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0013/24, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കൽ |
| നിർവ്വഹണം | അങ്കമാലി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | വികസനഫണ്ട് എസ്.സി.പി. 20,00,000/- |
| ചെലവ് | വികസനഫണ്ട് എസ്.സി.പി. 16,14,967/- |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കൽ എന്ന പ്രോജക്റ്റ് പ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് വിദ്യാർത്ഥികൾക്ക് തുക നൽകിയിട്ടുണ്ട്. ശ്രീഹരി സാജു S/O അജിത സാജു, പാലേലി, കാലടി പി.ഒ, മലയാറ്റൂർ എന്നയാൾക്ക് ആദ്യ ഗഡുവായി 227/15.02.2024 നമ്പർ ബിൽ പ്രകാരം 30000/- രൂപ നൽകിയിട്ടുണ്ട്. 27-03-2024 ൽ രണ്ടാമത്തെ ഗഡു അനുവദിച്ച ബിൽ ക്യൂബിൽ ആകുകയും ആയത് പ്രകാരമുള്ള 60000/- രൂപ 09/05/2024 ൽ ടിയാൾക്ക് ലഭ്യമായിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് മറ്റ് തുക നാളിത് വരെയും ടിയാൾക്ക് അനുവദിച്ചിട്ടില്ല. ആകെ 90000/- രൂപ മാത്രമാണ് ടിയാൾക്ക് ലഭ്യമായത്. പഠനമുറി നിർമ്മാണം പൂർത്തിയായതായി അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷൻ ഇല്ല. കരാറിൽ 24-03-2024 നുള്ളിൽ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് നിലവിലും പൂർത്തീകരിച്ചിട്ടില്ല.

2022-2023 സാമ്പത്തിക വർഷം പഠനമുറി നിർമ്മാണത്തിന് തുക കൈപ്പറ്റിയ നിഹാരിക സുരേഷ് D/O സുരേഷ് പി.കെ, പള്ളിയാന വീട്, നട്ടുവട്ടം, മലയാറ്റൂർ എന്നയാൾക്ക് നാളിത് വരെ 125000/- രൂപയാണ് നൽകിയിട്ടുള്ളത്. പഠനമുറി നിർമ്മാണം പൂർത്തിയായതായി അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷൻ ഇല്ല.

മേൽ അപാകങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/28-11-2024) മറുപടി ലഭ്യമായില്ല. മേൽ ചേർത്ത വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-19 റിക്കവറി തുകകൾ നേരിട്ട് അടയ്ക്കുന്നതിന് പകരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു

നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് ലഭ്യമായ അലോട്ട്മെന്റ് തുകയിൽ നിന്നും കരാറുകാരന് തുക നല്കുന്നതിനായി തുക ക്രെഡിറ്റ് ചെയ്യേണ്ട കരാറുകാരന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, നിയമപരമായ കുറവുകൾ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അക്കൗണ്ട് നമ്പർ എന്നിവ രേഖപ്പെടുത്തിയാണ് ടി ആർ 59 ബിൽ തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിക്കുന്നത്. തനത് ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമായതിനാൽ ഇവയിൽ നിന്നും നേരിട്ട് ഗുണഭോക്താക്കൾക്ക് (ഡയറക്റ്റ് ടു ബെൻഫിഷ്യറി) അതായത് കരാറുകാരനും നിയമപരമായ കിഴിവുകൾ അതാത് അക്കൗണ്ടുകളിലേയ്ക്കും സെക്രട്ടറി നേരിട്ട് നല്കേണ്ടതാണ്(സർക്കുലർ നമ്പർ 01/21/ധനം തീയ്യതി 4.1.21 ക്രമനമ്പർ 4 പ്രകാരമുള്ള നിർദ്ദേശം). അതിന് പകരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്പെഷൽ ട്രഷറി സേവിങ്സ് അക്കൗണ്ടിലേയ്ക്ക് (നമ്പർ 71109140000158) റിക്കവറി തുകകൾ ട്രാൻസ്ഫർ ചെയ്യുകയും പിന്നീട് ഈ അക്കൗണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതായും കാണുന്നു. സെക്രട്ടറി റിക്കവറി തുകകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്പെഷൽ ട്രഷറി സേവിങ്സ് അക്കൗണ്ടിലേയ്ക്ക് മാറ്റുമ്പോൾ റിക്കവറി ഇനത്തിലുള്ള പേയ്മെന്റ് നടത്തിയതായി വാർഷികകണക്കിൽ രേഖപ്പെടുത്തുന്നു. എന്നാൽ റിക്കവറി തുകകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്പെഷൽ ട്രഷറി സേവിങ്സ് അക്കൗണ്ടിൽ തുടരുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. 31/03/2024 ൽ ഈ അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് 83539/-

(റിസംപ്ഷന മുമ്പ്) രൂപയാണ്. ആയതിനാൽ തനത്ഫണ്ട്/കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്/സെക്രട്ടറി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന മറ്റ് ഗ്രാന്റുകൾ എന്നിവയിലെ ചെലവുകൾ, മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം, നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിക്കുന്ന ബില്ലിലെ അന്തിമ ഗുണഭോക്താവിന്റെ /ഗുണഭോക്തൃ ഡിപ്പാർട്ട്മെന്റിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (5/ 28/11/2024) മറുപടിയായി ഈ വിഷയം സംബന്ധിച്ച് വിശദമായ മറുപടി പിന്നീട് സമർപ്പിക്കുന്നതാണെന്നാണ് അറിയിച്ചത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2023-24 | വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് |

### 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ നമ്പർ& പേര് | 2022-23 ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|---|
| കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 0 | 2023-24 | 70,000 | 70/24-പി.എം.എ.വൈ ഭവന പദ്ധതി-ജനറൽ | 70,000 | 0 |
| അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് | 0 | 2023-24 | 70,000 | 72/24-പി.എം.എ.വൈ ഭവന പദ്ധതി-എസ്.സി.പി | 70,000 | 0 |
| ആകെ | | | 1,40,000 | | 1,40,000 | |
| ജില്ലാ പഞ്ചായത്ത് | 0 | 2023-24 | 98,000 | 70/24-പി.എം.എ.വൈ ഭവന പദ്ധതി-ജനറ | 98,000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 2023-24 | 98,000 | 72/24-പി.എം.എ.വൈ ഭവന പദ്ധതി-എസ്.സി.പി | 98,000 | |
| ആകെ | | | 1,96,000 | | 1,96,000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ, തീയ്യതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 177/24 ചീത്തപ്പാറ കുടിവെള്ള പദ്ധതി ഫിൽട്ടറിംഗ് യൂണിറ്റ് സ്ഥാപിക്കൽ- മലയാറ്റൂർ ഗ്രാമ പഞ്ചായത്ത് | 22300604/ 27-03-2024 | 9,00,000 | 0 | 9,00,000 |
| " | " | 22300610/ 30-03-2024 | 1,00,000 | 0 | 1,00,000 |
| " | 44/24 കാലടി ഗ്രാമ പഞ്ചായത്തിലെ വിവിധ റോഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22300609/ 30-03-2024 | 50,000 | 0 | 50,000 |
| " | " | 22300629/ 30-03-2024 | 4,50,000 | 0 | 4,50,000 |
| | ആകെ | | 15,00,000 | 0 | 15,00,000 |

രണ്ട് പ്രോജക്ടുകളിലായി ആകെ ₹15,00,000/-കേരള ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും, 460500201-Deposit With Kerala Water Authority എന്ന ശീർഷകത്തിൽ ₹10,50,000/-മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ₹4,50,000/-യും ഈ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് മുൻകൂർ ക്രമീകരിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ ഇപ്രകാരം ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.6 | 2005-06 | 2.3.5.1 | ജനകീയ ഭവന പദ്ധതി അപാകതകൾ | ജില്ലാ പഞ്ചായത്തിനോട് നടപടി ആവശ്യപ്പെട്ടിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 6,30,78,859 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 6,03,16,883 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹15,09,463 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | ₹10,00,000 | ശ്രീ. അഭിലാഷ് എം.ആർ, സെക്രട്ടറി |
| 1-13 | ₹5,00,000 | ശ്രീ. അഭിലാഷ് എം.ആർ, സെക്രട്ടറി |
| 1-17 | ₹9,463 | ഡോ. നസീമ നജീബ്,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ആകെ | ₹15,09,463 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ബാധകമല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അഭിലാഷ് എം.ആർ, സെക്രട്ടറി | സെക്രട്ടറി,<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | മേക്കര വീട്, വൈറ്റില |
| ഡോ. നസീമ നജീബ് | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. മറ്റൂർ | കണ്ണാടിപ്പറമ്പിൽ ഹൗസ്,<br>യു.സി. കോളേജ് പി.ഒ,<br>ആലുവ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ ഇ.കെ.എം (ബി.പി.)<br>1697/2019 തീ.04.10.2019 | 1 |

| | | |
|---|---|---|
| 2000-2001 | ,, | 2 |
| 2001-2002 | ,, | 1 |
| 2003-2004 | ,, | 3 |
| 2007-2008 | ,, | 6 |
| 2008-2009 | ,, | 1 |
| 2009-2010 | ,, | 1 |
| 2012-2013 | ,, | 1 |
| 2016-2017 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1165/2019 തീ.30.09.2019 | 3 |
| 2017-2018 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 288/2019 തീ.11.07.2019 | 8 |
| 2018-2019 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1587/2019 തീ.17.06.2020 | 4 |
| 2019-2020 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 933/2019 തീ.06.12.2021 | 34 |
| 2020-2021 | കെ.എസ്.എ ഇ.കെ.എം (ബി.പി.)552/22 തീ.03.06.2022 | 12 |
| 2021-2022 | കെ.എസ്.എ ഇ.കെ.എം (ബി.പി.)1937/22 തീ.28.12.2022 | 11 |
| 2022-2023 | കെ.എസ്.എ ഇ.കെ.എം (ബി.പി.)1001/2023 തീ.04.09.2023 | 14 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 30-05-2024 and submitted on 10-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Angamaly Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Angamaly Block Panchayat as on 31-03-2024

**Date: 20/12/2024**

**Joint Director**
**District Office Ernakulam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Angamaly Block Panchayat for the Year 2023-2024 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2. Lack of Panchayath Raj Budget Rules adversely affecting budgetary control system.

3. The Asset value shown in Balance sheet is not traceable to Asset Register due to unsupported design

of existing Asset Register.

4. Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1. Fundamental ratios are not included in the Annual Financial Statement as directed in the rule 62(F) of Kerala Panchayath accounts rules, 2011.
2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

3. CFC grant expenditure as per Annual Financial Statement differs with the expenditure as per Sulekha statement.
4. Though Rs.15,00,000/- deposited in KWA for various drinking water projects, only Rs.10,50,000/-booked under the head of account 460500201-deposit with KWA.
5. Due to duplication in booking expenditure in the project 57/2024-Puthenpalam Lift Irrigation pipeline extension, Total expenditure in Development fund general as per Annual Financial Statement has an excess of Rs.4,16,599/-
6. Expenditure incurred from the grants received for specific purposes is directly debited from the concerned head of accounts, which is not reflected in the capital or revenue expenditure.
7.The expenditure of CFC Grant shows different figures in AFS, Sulekha expenditure & bank pass book.
8. Some expenditure of health grant is directly debited from the liability head of account which is not reflected in the capital or revenue expenditure.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്